**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കീഴ് ത്തോന്നയ്ക്കൽ വില്ലേജിൽ റീ സർവ്വെ 486/4-1 ൽപ്പെട്ട 16 ആർ സ്ഥലം സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി റവന്യൂ വകുപ്പിന് വിട്ടു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം.82/18/ത.സ്വ.ഭ.വ തിരുവനന്തപുരം ,തീയതി, 08.01.2018.

പരാമർശം :-1) 22.09.2015 ലെ സ.ഉ.(സാധാ) നം.1380/2015/പി.ഡബ്ല്യൂ.ഡി

2) പോത്തൻകോട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 18/03/2017 -ലെ II(1)-ാം നമ്പർ തീരുമാനം

3) പഞ്ചായത്ത് ഡയറക്ടറുടെ 10/10/2017 -ലെ സി2 – 16534/2017 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ പോത്തൻകോട്, 500 ലക്ഷം രൂപയ്ക്ക് ഒരു മിനി സിവിൽ സ്റ്റേഷൻ നിർമിക്കുന്നതിന് പൊതുമരാമത്തു വകുപ്പിൽ നിന്നും പരാമർശം ഒന്ന് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പോത്തൻകോട് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും കീഴ് തോന്നയ്ക്കൽ വില്ലേജിൽ റീസർവ്വേ 486/4, 486/6, 489/7, 489/11, 489/12, 489/13, 489/14 ൽ ഉൾപ്പെട്ടതുമായ 40 സെന്റ് സ്ഥലം സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി റവന്യൂ വകുപ്പിന് വിട്ടു നല്കാൻ പരാമർശം (2) പ്രകാരം പോത്തൻകോട് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. റവന്യൂ രേഖകൾ പരിശോധിച്ചതിൽ നിന്നും കീഴ് തോന്നയ്ക്കൽ വില്ലേജിൽ റീസർവ്വേ 486 /4 -1 ൽ പെട്ട 16 ആർ സ്ഥലം പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാണെന്നും ടി സ്ഥലം 2 -11 -1988 ൽ 2355 /88 ആം നമ്പർ വിലയാധാരമായി പോത്തൻകോട് സബ് രജിസ്ട്രാർ ഓഫീസിൽ, പോത്തൻകോട് ഗ്രാമ പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസറുടെ പേർക്ക് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ടീ സ്ഥലം സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) ലെ കത്തിൽ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കീഴ് ത്തോന്നയ്ക്കൽ വില്ലേജിൽ റീ സർവ്വെ 486/4-1 ൽപ്പെട്ട 16 ആർ സ്ഥലം സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി റവന്യൂ വകുപ്പിന് വിട്ടു നൽകുന്നതിന് പോത്തൻകോട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി, പോത്തൻകോട് ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ